# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2750** — **10.07.2015-ൽ മറുപടിക്ക്**

## സോയിൽ ഹെൽത്ത് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>,, കെ.അച്ചുതൻ<br>,, വി.റ്റി.ബൽറാം<br>,, വി.പി.സജീന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;<br><br>ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ; | (എ) & (ബി) ഉണ്ട്.<br>കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പരിശോധന ശാലകൾ വഴി സൗജന്യമായി മണ്ണ് സാമ്പിൾ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകി വരുന്നുണ്ട്. ഇതുമൂലം വളത്തിന്റെ അനാവശ്യമായ പ്രയോഗം ഒഴിവാക്കുവാനും, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുവാനും ഉദ്ദേശിക്കുന്നു. മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന്റെ " മണ്ണ് പരിശോധനാ ശാലകൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വളത്തിന്റെ ശാസ്ത്രീയമായ പ്രയോഗം നടത്തുന്നതിനും മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവയുടെ സൂക്ഷ്മ മൂലകങ്ങൾ അടക്കമുള്ള രാസ, ഭൗതിക പരിശോധനകൾ നടത്തി വിളകളുടെ പരിപാലന മുറകളും ശുപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു. അതുവഴി കൃഷിക്കാർക്ക് മണ്ണറിഞ്ഞ് വളം ചെയ്യുന്നതിനും ഉല്പാദനക്ഷമത കൂട്ടുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും സാധിക്കും. |

. . . 2)

| | | | |
|---|---|---|---|
| **സി)** | പ്രസ്തുത കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | **(സി)** | പുരയിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സോയിൽ ഹെൽത്ത് കാർഡിൽ മണ്ണിന്റെ ഭൗതിക, രാസ സവിശേഷതകൾ, പോഷക മൂലകങ്ങളുടെ അളവ്, വിളകളുടെ വിവരം, പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശചെയ്യുന്ന വളത്തിന്റെ അളവ് തുടങ്ങി കൃഷിക്കാർക്ക് ഉപയുക്തമായ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | **(ഡി)** | കൃഷിവകുപ്പിൽ, സംസ്ഥാനത്തെ എല്ലാ കൃഷിഭവനിലൂടെയും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകർക്ക് സൗജന്യമായി സോയിൽ ഹെൽത്ത് കാർഡ് കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നുണ്ട്. മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിൽ, തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടുംബശ്രീ, പാടശേഖരസമിതി, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ